സി.എം റഫീഖ് കോക്കൂർ



# അഭിമാനം ജീവനോളം പവിത്രമാണ്

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا أَنَّ النَّبِيَّ ﷺ قَالَ لِأَصْحَابِهِ أَتَدْرُونَ مَا أَرْبَى الرِّبَى عِنْدَ اللهِ؟ قَالُوا: اَللهُ وَ رَسُولُهُ أَعْلَم قَالَ: إِنَّ أَرْبَى الرِّبَى عِنْدَ اللهِ اسْتِحْلَالُ عِرْضِ امْرِئٍ مُسْلِمٍ (أبو يعلى)

ആഇശ(റ)യിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ ദൂതൻ ഒരിക്കൽ അനുചരന്മാരോട് ചോദിച്ചു. "ഏറ്റവും വഷളായ കൈയേറ്റം ഏതാണെന്ന് നിങ്ങൾക്കറിയാമോ?" അവർ പറഞ്ഞു: "അല്ലാഹുവും അവന്റെ ദൂതനുമാണ് അത് നന്നായി അറിയുന്നത്." അപ്പോൾ നബി (സ) അരുളി: "ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ അഭിമാനം ക്ഷതപ്പെടുത്തുന്നത് അനുവദനീയമായി ഗണിച്ചാൽ അതാണ് അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും വെറുക്കപ്പെട്ട കൈയേറ്റം" (അബൂയഅ്‌ല).

അഭിമാനം ഓരോ വ്യക്തിക്കും ജീവനോളം വിലപ്പെട്ടതാണ്. നബി(സ)യുടെ പ്രശസ്തമായ വിടവാങ്ങൽ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞ ഒരു വിഷയം മനുഷ്യർക്കിടയിലെ അഭിമാന സംരക്ഷണമായിരുന്നു.

ഏറ്റവും വഷളായ കൈയേറ്റമെന്നാണ് അഭിമാനം ക്ഷതപ്പെടുത്തുന്നതിനെ റസൂൽ (സ) വിശേഷിപ്പിച്ചത്. വാക്ക് കൊണ്ടും പ്രവൃത്തി കൊണ്ടും അഭിമാന ക്ഷതം സംഭവിക്കാം. ഓരോ മുസ്‌ലിമും അതിനെക്കുറിച്ച് ജാഗ്രതയുള്ളവനാകണം. താൻ കാരണമായി അപരൻ വേദനിക്കാനിടവരരുതെന്ന നിർബന്ധബുദ്ധി ഒരോ വിശ്വാസിക്കും ഉണ്ടാകണം. നമ്മുടെ വാക്കും പ്രവൃത്തിയും പലവട്ടം ആലോചിച്ച് കുഴപ്പമില്ലെന്നുറപ്പ് വരുത്തി മാത്രമായിരിക്കണം. ഇതായിരുന്നു സദ്‌വൃത്തരായ പൂർവികരുടെ പാരമ്പര്യം.

തന്റെ നാവിൽ നിന്നും കൈയിൽ നിന്നും മറ്റുള്ള മുസ്‌ലിംകൾ സുരക്ഷിതനായവനാരോ അവനാണ് യഥാർഥ മുസ്‌ലിം എന്ന് പറയാനുള്ള കാരണവും മറ്റൊന്നല്ല.

അപവാദ പ്രചാരണം, പരിഹാസം, ഏഷണി, പരദൂഷണം, വ്യാജപ്രചാരണം, കുത്തിപ്പറയൽ തുടങ്ങി അഭിമാനത്തെ ക്ഷതപ്പെടുത്താനിടയാക്കുന്ന കാര്യങ്ങൾ നിരവധിയാണ്. ഇത്തരം ദുർഗണങ്ങൾ ജീവിതത്തിലില്ലെന്ന് ഉറപ്പ് വരുത്താൻ വിശ്വാസി ജാഗ്രത പുലർത്തേണ്ടതുണ്ട്.

പ്രവാചകൻ പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു: "അല്ലാഹുവിന്റെ അടിയാറുകളേ, നിങ്ങൾ സഹോദരങ്ങളാവുക. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്. അവനോട് അക്രമം കാണിക്കാത്ത, അവനെ കൈവെടിയാത്ത, അവനെ നിസ്സാരനായി കാണാത്ത സഹോദരൻ. തന്റെ സഹോദരനായ മുസ്‌ലിമിനെ നിന്ദിക്കുകയെന്നത് തന്നെ മതി ഒരാൾക്ക് തിന്മയായി. ഓരോ മുസ്‌ലിമിനും നിഷിദ്ധമാണ് തന്റെ സഹോദരന്റെ രക്തവും സമ്പത്തും അഭിമാനവും (മുസ്‌ലിം).

തന്റെ സഹോദരന്റെ അഭിമാനം പിച്ചിച്ചീന്തുന്നത് അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും വെറുക്കപ്പെട്ട കൈയേറ്റമാണെന്ന പ്രവാചകന്റെ മുന്നറിയിപ്പ് മുഖവിലക്കെടുക്കാതെ, എത്ര ലാഘവത്തോടെയാണ് പലപ്പോഴും ആളുകൾ അന്യന്റെ അഭിമാനത്തെ ക്ഷതപ്പെടുത്തിക്കൊണ്ടിരിക്കുന്നത്! ഈ ദുർഗുണം ജാഹിലിയ്യത്തിന്റെ അവശിഷ്ടമാണെന്നാണ് നബി (സ) പഠിപ്പിച്ചിട്ടുള്ളത്. അബൂദർറ് (റ) പറയുന്നു: "ഞാനൊരാളുമായി തർക്കത്തിലാവുകയും അയാളുടെ ഉമ്മയുടെ പേര് പറഞ്ഞ് ഞാനയാളെ വഷളാക്കുകയും ചെയ്തു. അന്നേരം നബി (സ) എന്നോട് ചോദിച്ചു: "അബൂദർറേ, അയാളുടെ ഉമ്മയെ പറഞ്ഞ് നീ അയാളെ അപമാനിച്ചു അല്ലേ? ജാഹിലിയ്യത്തിന്റെ അംശം നിന്നിൽ ഇപ്പോഴും കുടിയിരിക്കുന്നുണ്ട് അല്ലേ?"

വല്ലവന്റെയും അഭിമാനം ക്ഷതപ്പെടുത്തുന്ന സംസാരമോ പ്രവൃത്തിയോ ഒരു വിശ്വാസിയിൽ നിന്ന് സംഭവിച്ചു പോയിട്ടുണ്ടെങ്കിൽ ഈ ലോകത്ത് വെച്ച് തന്നെ അയാളോട് മാപ്പിന്നപേക്ഷിച്ചു കുറ്റത്തിൽ നിന്ന് മുക്തമാകണമെന്നും അല്ലാത്തപക്ഷം അവൻ നരകാവകാശിയായി ത്തീർന്നേക്കുമെന്നും നബി (സ) മുന്നറിയിപ്പ് തരുന്നു:

"ആരെങ്കിലും മറ്റൊരാളുടെ അഭിമാനത്തെയോ മറ്റു വല്ലതിനെയുമോ ക്ഷതപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഈ ലോകത്തു വെച്ചു തന്നെ ആ കുറ്റത്തിൽ നിന്ന് മുക്തനാകട്ടെ (മാപ്പും വിട്ടുവീഴ്ചയും ചോദിച്ചും, കൈക്കലാക്കിയ വസ്തു തിരികെ നൽകിയും); ദീനാറും ദിർഹമും ഇല്ലാതാകുന്ന ലോകം വരുന്നതിന് മുമ്പ്. അവിടെ വെച്ച്, ക്ഷതമേൽപ്പിച്ചയാൾ സൽക്കർമി കൂടിയാണെങ്കിൽ അയാളുടെ അക്രമത്തിന്റെ തോതനുസരിച്ചു അതയാളിൽ നിന്ന് എടുക്കപ്പെടും. ഇനി അയാൾക്ക് സൽക്കർമങ്ങളൊന്നും ഇല്ലെങ്കിൽ തന്റെ ക്ഷതത്തിന് വിധേയനായ ആളുടെ തിന്മകളെടുത്ത് അയാളുടെ മേൽ ചുമത്തപ്പെടും" (ബുഖാരി).

അഭിമാനക്ഷതമേറ്റവർ പൊരുത്തപ്പെടാത്തേടത്തോളം, അല്ലാഹുവിനോട് എത്ര തന്നെ പശ്ചാത്തപിച്ചാലും ഫലമുണ്ടാകില്ലെന്ന കാര്യവും ഗൗരവത്തോടെ ഉൾക്കൊള്ളാൻ വിശ്വാസികൾക്കാവണം. ●